**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4970** **20-03-2025 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ഗവ. ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ മന്ദിര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ഗവ. ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന മന്ദിരത്തിന്റെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നെയ്യാറ്റിൻകര ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് മൂന്ന് കോടി കിഫ്ബി ഫണ്ട് അനുവദിച്ചിരുന്നു. നിർമ്മാണത്തിനുള്ള എസ്.പി.വി യായി ആദ്യം ഇൻകലിനെ ചുമതലപ്പെടുത്തിയെങ്കിലും നടപടികൾ ആരംഭിക്കാത്തതിനാൽ കിലയെ എസ്.പി.വി - യായി നിശ്ചയിക്കുകയായിരുന്നു. DPR കിഫ്ബി അംഗീകരിക്കുകയും Feasibility study നടത്തുകയും ചെയ്തിരുന്നു. എന്നാൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകൾക്ക് 2016 - ലെ DSR നിരക്കും GST യും ആയിരുന്നു ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ 2018 - ലെ DSR നിരക്കുകളും 18% GSTയും അനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുതി ലഭ്യമാക്കിക്കൊണ്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചു.<br><br>നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിൽ ഫൗണ്ടേഷന് ചില ഭേദഗതികൾ ആവശ്യമാണെന്ന് മനസ്സിലാക്കിയതിനെത്തുടർന്ന് എസ്.പി.വി.യായ കില , ഫൗണ്ടേഷൻ ഡിസൈൻ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രവൃത്തി ആരംഭിക്കുന്നതിന് ഏന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ? | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നെയ്യാറ്റിൻകര ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് മൂന്ന് കോടി കിഫ്ബി ഫണ്ട് അനുവദിച്ചിരുന്നു. നിർമ്മാണത്തിനുള്ള എസ്.പി.വി യായി ആദ്യം ഇൻകലിനെ ചുമതലപ്പെടുത്തിയെങ്കിലും നടപടികൾ ആരംഭിക്കാത്തതിനാൽ കിലയെ |

| | | | |
|---|---|---|---|
| | | | എസ്.പി.വി - യായി നിശ്ചയിക്കുകയായിരുന്നു. DPR കിഫ്ബി അംഗീകരിക്കുകയും Feasibility study നടത്തുകയും ചെയ്തിരുന്നു. എന്നാൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകൾക്ക് 2016 - ലെ DSR നിരക്കും GST യും ആയിരുന്നു ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ 2018 - ലെ DSR നിരക്കുകളും 18% GSTയും അനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുതി ലഭ്യമാക്കിക്കൊണ്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചു.<br><br>നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിൽ ഫൗണ്ടേഷന് ചില ഭേദഗതികൾ ആവശ്യമാണെന്ന് മനസ്സിലാക്കിയതിനെത്തുടർന്ന് എസ്.പി.വി.യായ കില , ഫൗണ്ടേഷൻ ഡിസൈൻ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ